I/71986/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ: പ്രിയങ്ക ജി, ഐ എ എസ്സ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് - സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2022-23 വർഷത്തെ പ്രവർത്തനങ്ങൾക്കായി രണ്ടാം ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (കൈ) നം. 2/2021/വ.ശി.വി.വ 31.08.2021
2. സ.ഉ (സാധ) നം. 385/2022/വ.ശി.വി.വ തീയതി 26.08.2022
3. സ.ഉ (പി) നം. 3/2022/വ.ശി.വി.വ തീയതി 29.03.2022
4. സ.ഉ (സാധ) നം. 401/2022/വശി.വി.വ തീയതി 03.09.2022
5. ഈ കര്യാലയത്തിലെ 17.09.22 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നം: DWCD/1973/2022-WEC3 തീയതി: 16-12-2022</u>**

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനു സംസ്ഥാനത്ത് വകുപ്പിന് കീഴിൽ 80 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വന്നിരുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി വകുപ്പിൽ നിന്നും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിനാണ് ഫണ്ട് അനുവദിച്ചിരുന്നത്. കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് തത്വത്തിൽ നിർത്തലാക്കിയതായി കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ അറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന നടത്തിയിരുന്ന 80 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വനിത ശിശു വികസന വകുപ്പ് നേരിട്ട് ഏറ്റെടുത്തു നടത്തുന്നതിനും സർവീസ് പ്രൊവൈഡിങ് സെന്ററുകളുടെ പ്രവർത്തനത്തിനായുള്ള തുക വനിത ശിശു വികസന വകുപ്പിൽ നിന്നും നേരിട്ട് NGO ക്ക് അനുവദിക്കുന്നതിനും പരാമർശം (1) (2) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും ഏറ്റെടുത്ത 80 സർവ്വീസ് പ്രോവൈഡിംഗ് സെന്ററുകളും പരാമർശം (3) പ്രകാരം പുതുതായി രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ള 11 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും ഉൾപ്പെടെ ആകെ 91 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2022-23 സാമ്പത്തിക വർഷത്തെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 1,22,39,500/- രൂപ 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 80 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 6 മാസത്തെ പ്രവർത്തനങ്ങൾക്കായി 53,80,000/- രൂപ ആദ്യ ഗഡുവായി പരാമർശം (5) പ്രകാരം ജില്ല വനിതാ ശിശു വികസന ഓഫീസമാർക്ക് അനുവദിച്ചിട്ടുണ്ട്.

ആയതിന് തുടർച്ചയായി നിലവിൽ പ്രവർത്തിക്കുന്ന 79 SPC കളും പുതുതായി ആരംഭിച്ച 11 SPC കളും ഉൾപ്പെടെ ആകെ 90 SPC കൾക്ക് 2022 ഒക്ടോബർ, നവംബർ, ഡിസംബർ

I/71986/2022

മാസത്തെ പ്രവർത്തനങ്ങൾക്കായി ആകെ **30,26,160/- രൂപ (മുപ്പതു ലക്ഷത്തി ഇരുപത്തി ആറായിരത്തി ഒരുന്നൂറ്റി അറുപതു രൂപ മാത്രം)** രണ്ടാം ഗഡുവായി ചുവടെ പരാമർശിക്കുന്ന ലിസ്റ്റ് പ്രകാരം ജില്ല വനിതാ ശിശു വികസന ഓഫീസമാർക്ക് അനുവദിച്ച ഉത്തരവാകുന്നു.

| List of SPC for IInd installment | | | |
|---|---|---|---|
| **SL No** | **District** | **No of SPC** | **Amount For 3 Months** |
| 1 | **TRIVANDRUM** | **12** | **403488** |
| 2 | **KOLLAM** | **4** | **134496** |
| 3 | **PATHANAMTHITTA** | **5** | **168120** |
| 4 | **ALAPPUZHA** | **4** | **134496** |
| 5 | **KOTTAYAM** | **5** | **168120** |
| 6 | **IDUKKI** | **6** | **201744** |
| 7 | **ERNAKULAM** | **8** | **268992** |
| 8 | **THRISSUR** | **12** | **403488** |
| 9 | **PALAKKAD** | **8** | **268992** |
| 10 | **MALAPPURAM** | **6** | **201744** |
| 11 | **KOZHIKODE** | **6** | **201744** |
| 12 | **WAYANAD** | **5** | **168120** |
| 13 | **KANNUR** | **7** | **235368** |
| 14 | **KASARGOD** | **2** | **67248** |
| | | | |

I/71986/2022

| | | |
|---|---|---|
| **Total** | **90** | **30,26,160** |

മേൽ വിവരിച്ച തുകയായ **30,26,160/-** രൂപ നടപ്പ സാമ്പത്തിക വർഷത്തെ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**പരാമർശം 5 പ്രകാരം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കു ഒന്നാം ഗഡുവായി അനുവദിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജില്ല വനിതാ ശിശു വികസന ഓഫീസർമാർ ലഭ്യമാക്കി പരിശോധിച്ച്, NGO ക്ക് അനുവദിച്ച തുകയിൽ അവരുടെ പക്കൽ ബാലൻസുള്ള പക്ഷം ആ തുക കുറവ് ചെയ്തു മാത്രമേ രണ്ടാം ഗഡുവായി തുക അനുവദിക്കാൻ പാടുള്ളൂ.** 25/12/22 നുള്ളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് തുക അനുവദിക്കേണ്ടതുമാണ്.

PRIYANKA G
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിതാ ശിശു വികസന
ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിന്)
3. സ്റ്റോക്ക് ഫയൽ

**Signed by Priyanka G**
**Date: 16-12-2022 23:38:01**